മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്നുണ്ട്. ഏതെങ്കിലും മരുന്നുകളുടെ ദൗർലഭ്യം നേരിട്ടാൽ ആശുപത്രി മേധാവിക്ക് അവ വാങ്ങുന്നതിനുള്ള അധികാരം നല്കിയിട്ടുണ്ട്. അന്തിക്കാട് ബ്ലോക്കിലെ പദ്ധതിയിലുൾപ്പെടുത്തി ഒരു ലക്ഷം രൂപയ്ക്ക് കൂടുതൽ മരുന്നുകൾ വാങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ടി ആശുപത്രിയിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ അറിയിച്ചിട്ടുണ്ട്.

മലപ്പുറം മണ്ഡലത്തിലെ പൂക്കോട്ടൂർ പഞ്ചായത്തിൽ ഡയാലിസിസ് കേന്ദ്രം

58 (2609) ശ്രീ. പി ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം മണ്ഡലത്തിലെ പൂക്കോട്ടൂർ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ബ്ലോക്ക് PHC-യിൽ ഡയാലിസിസ് കേന്ദ്രം ഉടനുണ്ടാകുമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുസംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ PL-B3-10614/14 ഫയലിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം സംബന്ധിച്ച് ആരോഗ്യവകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയ പി.എൽ.ബി3-10614/14 നമ്പർ പ്രൊപ്പോസൽ അനുബന്ധങ്ങൾ സഹിതം ലഭ്യമാക്കുവാൻ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് തിരികെ 31-5-2014-ൽ നല്കിയെങ്കിലും ആയത് തിരികെ ലഭിച്ചിട്ടില്ല.

സ്വകാര്യ ആശുപത്രികളിലെ ഫീസ് നിരക്ക് ഏകീകരിക്കാൻ നടപടി

59 (2610) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന സ്വകാര്യ ആശുപത്രികളിൽ പലയിടങ്ങളിലും ഏകീകൃത ഫീസ് നിരക്കോ, ലബോറട്ടറി ഫീസുകളോ, ചികിത്സാ ഫീസുകളോ ഇല്ലെന്നുള്ളതും ആശുപത്രികൾ തമ്മിൽ പ്രസ്തുത നിരക്കുകളിൽ വലിയ അന്തരം ഉണ്ടാകുന്നുവെന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly